DIRECTORATE OF COLLEGIATE EDU...
27 NOV 2024

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകളിൽ നാലുവർഷ ബിരുദ കോഴ്സുകളുടെ ഭാഗമായി ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സ് പഠിപ്പിക്കുന്നതിന് MLISc യുജിസി-നെറ്റ്/പി.എച്ച്ഡി യോഗ്യതയുള്ള ലൈബ്രേറിയന്മാർക്ക് കോഴ്സ് ഇൻസ്ട്രക്ടർമാരായി പ്രവർത്തിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്

സ.ഉ.(സാധാ) നം.1464/2024/HEDN തീയതി,തിരുവനന്തപുരം, 25-11-2024

---

പരാമർശം:-
1. കോളേജ് ലൈബ്രേറിയൻസ് അസോസിയേഷൻ സമർപ്പിച്ച കെ.സി.എൽ.എ/എസ്-02/2024- നം. കത്ത്
2. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 23.07.2024- ലെ DCETVM/6104/2024-E1-നം. കത്ത്
3. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറിയുടെ 03.10.2024- ലെ KSHEC-4-A7/719/MS/Drct/2024-നം. കത്ത്

<u>ഉത്തരവ്</u>

സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകളിൽ നാലുവർഷ ബിരുദ കോഴ്സുകളുടെ ഭാഗമായി നിലവിൽ എല്ലാ വിദ്യാർത്ഥികളും മൂന്ന് മൾട്ടി ഡിസിപ്ലിനറി കോഴ്സുകൾ പഠിക്കേണ്ടതിന്റെ അടിസ്ഥാനത്തിൽ, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കിയ കരിക്കുലം ഫ്രെയിം വർക്കിൽ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് എം. ഡി. സി കോഴ്സായി ഉൾപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ കോളേജുകളിൽ ജോലി ചെയ്യുന്ന യു.ജി.സി/നെറ്റ്/പി.എച്ച്.ഡി യോഗ്യതയുള്ള ലൈബ്രേറിയൻമാർക്ക് FYUG പ്രോഗ്രാമുകളുടെ ഭാഗമായി ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ്

കോഴ്സ് പഠിപ്പിക്കാനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് കോളേജ് ലൈബ്രേറിയൻസ് അസോസിയേഷൻ ജനറൽ സെക്രട്ടറി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയുമണ്ടായി.

2) കോളേജുകളുടെ ലൈബ്രറിയുടെ പ്രവർത്തനങ്ങളെയോ മറ്റ് അധ്യാപകരുടെ ജോലി ഭാരത്തെയോ ബാധിക്കുകയോ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാവുകയോ ചെയ്യാത്ത വിധത്തിൽ ആഴ്ചയിൽ മുന്ന് മണിക്കുർ വീതം 45 മണിക്കുർ ദൈർഘ്യമുള്ള പ്രസ്തുത കോഴ്സിന്റെ, കോഴ്സ് ഇൻസ്ട്രക്ടർമാരായി MLISc യുജിസി- നെറ്റ്/പി.എച്ച്.ഡി യോഗ്യതയുള്ള ലൈബ്രേറിയന്മാരെ ചുമതലപ്പെടുത്താവുന്നതാണെന്ന് പരാമർശം (2) പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

3) നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ ഭാഗമായി ലൈബ്രറി & ഇൻഫർമേഷൻ സയൻസ് വിഷയവുമായി ബന്ധപ്പെട്ട സർവ്വകലാശാല കോഴ്സ് ബാസ്കറ്റിൽ നിന്നുള്ള കോഴ്സുകൾ മൈനർ/ ഫൗണ്ടേഷൻ കോഴ്സുകളുടെ ഭാഗമായി ലൈബ്രേറിയൻമാരുടെ നിലവിലുള്ള ജോലിയെയും ഉത്തരവാദിത്തങ്ങളെയും പ്രതികൂലമായി ബാധിക്കാത്ത രീതിയിലും കോളേജുകൾക്കും സർക്കാരിനും അധിക സാമ്പത്തിക ബാധ്യത വരാതെയും സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകളിൽ ജോലി ചെയ്യുന്ന യു.ജി.സി യോഗ്യതകൾ ഉള്ള ലൈബ്രേറിയൻമാർക്ക് പഠിപ്പിക്കാനുള്ള അനുമതി നൽകുന്നത് നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് കുടുതൽ വിഷയങ്ങൾ തിരഞ്ഞെടുക്കാനുള്ള അവസരം നൽകും എന്ന് പരാമർശം (3) പ്രകാരം കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ അഭിപ്രായപ്പെട്ടിരിക്കുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നാലുവർഷ ബിരുദ കോഴ്സുകളുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സ് പഠിപ്പിക്കുന്നതിന് കോളേജ് ലൈബ്രറിയുടെ പ്രവർത്തനത്തെയോ മറ്റ് അധ്യാപകരുടെ ജോലി ഭാരത്തെയോ ബാധിക്കാതെയും ലൈബ്രേറിയന്മാർക്ക് അധികജോലിഭാരം ആയി കണക്കാക്കാതെയും സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത വിധത്തിലും മൈനർ കോഴ്സുകൾ,

ഫൌണ്ടേഷൻ കോഴ്സുകൾ, മൾട്ടി ഡിസിപ്ലിനറി കോഴ്സുകൾ, സ്കിൽ കോഴ്സുകൾ എന്നിവയുടെ കോഴ്സ് ഇൻസ്ട്രക്ടർമാരായി പ്രവർത്തിക്കുന്നതിന് MLISc, യുജിസി-നെറ്റ്/Ph.D യോഗ്യതയുള്ള ലൈബ്രേറിയന്മാർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

UMA DEVI L D

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ, ശാസ്ത്ര സാങ്കേതിക മ്യൂസിയം ക്യാമ്പസ്, വികാസ് ഭവൻ പി ഒ, തിരുവനന്തപുരം.

ജനറൽ സെക്രട്ടറി, കോളേജ് ലൈബ്രേറിയൻസ് അസോസിയേഷൻ (via e-mail id Kcla1969@gmail.com)

ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ്.

ഐ & പി ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

www.highereducation.kerala.gov.in.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Omkumar H S

സെക്ഷൻ ഓഫീസർ

Date: 26-11-2024 12:36:33

പകർപ്പ്

ബഹു ഉന്നത വിദ്യാഭ്യാസ സാമൂഹിക നീതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഉന്നത വിദ്യാഭ്യസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ C.A യ്ക്ക്